**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/070/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 09 -12- 2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ.സ്മിനോജ്.എം.എസ്<br>തുണ്ടുവിളാകത്ത് വീട്<br>പഴകുറ്റി പി.ഒ<br>നെടുമങ്ങാട്,തിരുവനന്തപുരം-**695561** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, നെടുമങ്ങാട്<br>തിരുവന്തപുരം |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ താമസിക്കുന്ന വീടിന്റെ കണക്ഷൻ **Consumer No 1145473042298** നൽകിയിട്ടുള്ളത്, ശ്രീ.മുത്തു സ്വാമി പിള്ളയുടെ പേരിൽ **09/10/ 2012** ൽ ആണ്. **LT 1 A** താരിഫിൽ **Single phase** ആയാണ് കണക്ഷൻ നൽകിയിട്ടുള്ളത്. പരാതിക്കാരൻ ശ്രീ. മുത്തുസ്വാമി പിള്ളയുടെ മകനും അനന്തരാവകാശിയുമാണ്.ഉപഭോക്താവ് മരണപെട്ടതിനാൽ അനന്തരാവകാശികളായി ഭാര്യയും മൂന്ന് മക്കളും ഉള്ളതും അവരെല്ലാം ഈ കേസ് നടത്തുന്നതിന് ശ്രീ.സ്മിനോജിനെ ചുമതലപ്പെടുത്തിയിരിക്കുന്നതുമാണ്. അദ്ദേഹത്തിന് വോൾട്ടേജ് കുറവ് എന്നതും സ്ഥിരമായി അടിക്കടി കറന്റ് പോകുന്നതുമാണ് പരാതിക്കാധാരം. ലൈസൻസിയുടെ ഓഫീസിൽ പലതവണ പരാതി നൽകിയിട്ടും ഫലമില്ലാതെ വന്നപ്പോൾ **CGRF** ൽ പരാതി സമർപ്പിക്കുകയുണ്ടായി. **CGRF**

**(SZ)** നടപടികൾ പൂർത്തിയാക്കി **06/08/2024** ൽ ഉത്തരവിറക്കി. ആ ഉത്തരവിൻ മേലുള്ള അപ്പീലായിട്ടാണ് ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താമസിക്കുന്ന എനിക്ക് കൺസ്യൂമർ **no 1145473042298** ഈ കണക്ഷൻ എടുത്ത അന്ന് മുതൽ വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നുണ്ടായിരുന്നു. നിരവധി തവണ ഫോൺ മുഖാന്തരവും അല്ലാതെയും കെഎസ്ഇബി ഓഫീസിൽ നേരിട്ട് പോയി അറിയിച്ചിട്ടും വോൾട്ടേജ് കുറവിന് ഒരു പരിഹാരവും ഉണ്ടായിട്ടില്ല.**28.09.2022** ന് **KSEB CMD** ക്ക് ഇമെയിൽ വഴിയും പോസ്റ്റ് വഴിയും പരാതി നൽകി തിരിച്ചു ഒരു മറുപടിയും ലഭിച്ചിട്ടില്ല തുടർന്ന് **08.12.2022** ന് നെടുമങ്ങാട് **AE** ക്കും ഓഫീസിലും പരാതി നൽകി. ഒരു നടപടിയും ആകാത്തതിനാൽ **08.03.2023** ന് **KSEB** യുടെ ചുമതലയുള്ള മന്ത്രിക്ക് ഇമെയിൽ വഴി പരാതി നൽകി ഒരു മറുപടിയും ലഭിച്ചിട്ടില്ല. കൂടാതെ **KSEB** വാട്ട്സാപ്പ് **no** ൽ എനർജി മീറ്ററിന്റെ ഫോട്ടോ ഉൾപ്പടെ നിരവധി തവണ പരാതി നൽകി ഒന്നും സംഭവിച്ചിട്ടില്ല. **06.04.2024** ന് **CMD, dpr, ccc, kserc@erc, dtkseb, secy.Pwr** എന്നിവർക്കും **08.04.2024** ന് **AE Nedumangad, EE Nedumangad, KSEB Nedumangad** എന്നിവർക്കും ഇ-മെയിൽ വഴി പരാതി നൽകി ഉടൻ പരിഹരിക്കും എന്നുമാത്രമാണ് പറയുന്നത് എന്നാൽ ഇതുവരെ വോൾടേജ് ഒരു വ്യത്യാസവും വന്നിട്ടില്ല.വീണ്ടും **22.04.2024** ന് **AEE** ക്കു വീണ്ടും പരാതി നൽകി.**2022** നും **2024** മാർച്ച് മാസം ഈ കാലയളവിനിടയിൽ വോൾടേജ് പ്രശ്നം കാരണം വീട്ടിലെ **4** ഫാൻ,**5** ട്യൂബ് ലൈറ്റ്, ഒരു വാഷിംഗ് മെഷീൻ, ബോർ വെൽ മോട്ടോർ മൈക്രോവ് ഓവൻ എന്നിവ കേടാകുകയും ചെയ്തു. സാമ്പത്തികമായും മാനസികമായും ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നു. ശരിയായ വോൾട്ടെജ് കിട്ടാത്തതിനാൽ കറന്റ് ഉപയോഗം കൂടുതൽ ആകുന്നകാരണം അമിതമായി ബില്ല് കൂടുതൽ ആകുന്നുണ്ട് ആയതിനാൽ ഒരു **kseb** ഉപഭോക്താവിന് ലഭിക്കേണ്ട വോൾടേജ് ലഭ്യമാക്കി തരുന്നതിനോടൊപ്പം എനിക്ക് വന്നിട്ടുള്ള സാമ്പത്തിക നഷ്ടത്തിനും പരിഹാരം ലഭ്യമാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു എന്ന് കൊട്ടാരക്കര **CGRF** ന് **20.04.2024** നു നൽകി (സൂചന **1**) അതിനു ശേഷം ഈ ഓഫീസിൽ നിന്നും എന്നെ അറിയിച്ചത് നഷ്ടപരിഹാരം ലഭിക്കണമെങ്കിൽ കേരള സംസ്ഥാന വൈദ്യുതി റഗുലറ്ററി

കമ്മീഷന് അപേക്ഷ നൽകണമെന്ന് ഫോൺ വഴി അറിയിച്ചതിന് പ്രകാരം **29.04.24** ന് സെക്രട്ടറി യുടെ പേരിൽ റെഗുലറ്ററി കമ്മീഷൻ വെള്ളയമ്പലം പേരിൽ പോസ്റ്റ് വഴിയും ഇമെയിൽ വഴിയും അപേക്ഷ അയച്ചു (സൂചന **4**) അവിടെ നിന്നും ഈ അടുത്ത സമയം ഫോൺ വഴി അറിയിച്ചത് **CGRF** ൽ ആണ് തീരുമാനം എടുക്കുന്നത് എന്നും. എന്നാൽ വ്യക്തമായ ഒരു മറുപടി അല്ല ലഭിച്ചത് എനിക്ക് **07.06.2024** മുതൽ **235/236V** വോൾടേജ് കിട്ടി തുടങ്ങി (ശരിയായ വോൾടേജ് കിട്ടിയശേഷം ഒരു ദിവസം **30** തവണ **supplay** പോകും വരും എന്ന അവസ്ഥയാണ് ഇപ്പോഴുള്ളത് ഇത് **25.07.24** ന് **CGRF** ഹിയറിങ് നടത്തുന്ന സമയത്ത് ഞാൻ പറഞ്ഞു എന്നാൽ ഇതുവരെ ഒരുമാറ്റവും വന്നിട്ടില്ല.

**CGRF** ൽ നിന്നും ഒരു മറുപടി ലഭിച്ചു അത് ഇംഗ്ലീഷിൽ ആണ് എനിക്ക് ഇംഗ്ലീഷ് ഭാഷ വശമില്ലാത്തതിനാൽ വായിച്ചു മനസിലാക്കാൻ കഴിയാതെ വരുകയും ഇതിൽ എഴുതിയിരിക്കുന്നത് ഒരാൾ പറഞ്ഞുതന്നപ്പോൾ നഷ്ടപരിഹാരത്തെകുറിച്ച് ഒന്നും പറഞ്ഞിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്.മലയാള ഭാഷയിൽ അപേക്ഷ നൽകിയ എനിക്ക് ഇംഗ്ലീഷ് ഭാഷയിലാണ് മറുപടി നൽകിയത്. ഈ അപേക്ഷ ഓംബുഡ്സ്മാൻ അവർകൾക്ക് അയക്കാൻ കാലതാമസമുണ്ടാക്കിയത് ഇംഗ്ലീഷ് ഭാഷ വായിച്ചു മനസിലാക്കാനുള്ള അറിവില്ലാത്തതിനാലും ഈ മറുപടി വന്ന സമയം എനിക്ക് സുഖമില്ലായിരുന്ന അവസരത്തിലുമാണ്. എന്നോട് സാദരം ക്ഷമിച്ച് ഈ അപേക്ഷ പരിഗണിച്ചു എനിക്ക് അർഹതപ്പെട്ട നഷ്ടപരിഹാരാവും ഇടതടവില്ലാതെ സേവനവും ലഭ്യമാക്കിത്തരുന്നതിനുള്ള നടപടി സ്വീകരിക്കണം.

## എതിർകക്ഷിയുടെ വാദം

നെടുമങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ശ്രീ. മുത്തുസ്വാമി പിള്ള സി തുണ്ടുവിളാകത്ത് വീട്, പഴകുറ്റി പി.ഒ എന്ന വ്യക്തിക്ക് കൺസ്യൂമർ നമ്പർ **115473042298** ആയി **09.10.2012** ൽ നൽകിയിട്ടുള്ളതാണ് പ്രസ്തുത **LT** സിംഗിൾ ഫേസ് വൈദ്യുതി കണക്ഷൻ. പ്രസ്തുത കൺസ്യൂമറുടെ പ്രൊഫൈൽ **Oruma net** ൽ പരിശോധിച്ചതിൽ നിന്നും താരിഫ് **LT 1 A** എന്നും **connected load 4376** വാട്ട്സ് എന്നും കാണാൻ കഴിഞ്ഞു.

ഈ ഭാഗത്ത് വോൾട്ടേജ് കുറവാണ് എന്നതിനെക്കുറിച്ച് പരാതി കിട്ടിയതിനനുസരിച്ച് നടത്തിയ അന്വേഷണത്തിൽ, പ്രസ്തുത ഭാഗത്ത് ധാരാളം വീടുകൾ പുതിയതായി വന്നതിനാലും, ഈ ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ മാത്രമാണ് നിലവിലുള്ളതിനാലും ആണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതെന്ന് കണ്ടെത്തുകയുണ്ടായി. ഇത് അനുസരിച്ച് KSEB ലിമിറ്റഡിൻറെ ദ്യുതി 2.0 ക്യാപ്പിറ്റൽ ഫണ്ടിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകളായ വേങ്കവിള, പാറയിൽ നട, പാറമുകൾ, കൊല്ലംകാവ് എന്നിവയ്ക്ക് കീഴിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 3.9 കിലോമീറ്റർ ദൂരം നിലവിലുള്ള LT സിംഗിൾ ഫേസ് ലൈൻ മാറ്റി പകരം LT ABC ഉപയോഗിച്ച് ത്രീ ഫേസ് ആക്കി ഉയർത്തുവാൻ വർക്ക് കോഡ് CW-4547-2023-26 പ്രകാരം സാങ്ഷൻ ആക്കി.

എന്നാൽ LT ABC-യും അനുബന്ധ സാധനസാമഗ്രികളും ലഭിക്കുന്നതിന് ടി സെക്ഷനിൽ നേരിട്ട കാലതാമസം വർക്ക് തുടങ്ങുന്നത് വൈകുന്നതിനിടയായി. 2024 മാർച്ച് അവസാനത്തോടെ ഇവ ലഭിക്കുകയും ജോലി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഏപ്രിൽ മാസത്തിലെ വർദ്ധിച്ച താപനില കാരണം സപ്ലൈ ഓഫ് ചെയ്ത് തുടർച്ചയായി ഈ വർക്ക് ചെയ്തത് പൊതുജനങ്ങൾക്കിടയിൽ നിന്നും പരാതിയ്ക്ക് ഇടനൽകി. തുടർന്നുള്ള കാറ്റിലും മഴയിലും നിരവധി പോസ്റ്റുകൾ ഒടിഞ്ഞതും വഴി നേരിട്ട് വൈദ്യുത തടസ്സം ഒഴിവാക്കി സപ്ലൈ പുനഃ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി ചെയ്യുന്നതിന് മേൽ വർക്ക് ഏറ്റെടുത്ത കരാറുകാരനെ തന്നെ ചുമതലപ്പെടുത്തേണ്ടി വന്നതും മേൽ വർക്കിൻറെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടു.

നിലവിൽ മേൽപ്പറഞ്ഞ കൺസ്യൂമർ നമ്പർ സ്ഥിതി ചെയ്യുന്ന LT ABC കൺവർഷൻ വർക്ക് പൂർത്തിയാക്കി വോൾട്ടേജിന്റ കുറവ് പരിഹരിച്ചിട്ടുണ്ട്. മേൽ പരാതിക്കാരനെ ഫോൺ മുഖേന ബന്ധപ്പെട്ടതിൽ നിന്നും ടിയാൾക്ക് ഇപ്പോൾ 236, 238 വോൾട്ട് നിലവിൽ ലഭിക്കുന്നതായി പറയുകയുണ്ടായി. 25.07.2024-ag CGRF (South), ചെയർപേഴ്സൺ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) നടത്തിയ ഹിയറിങ്ങിൽ, പരാതിക്കാരൻ നിലവിൽ നേരിടുന്ന വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചു എന്നും, എന്നാൽ വൈദ്യുതി തടസ്സം പതിവായി നേരിടുന്നുണ്ടെന്നും പറയുകയുണ്ടായി. തുടർന്ന് വൈദ്യുതി തടസ്സം പരിഹരിയ്ക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിച്ചു. രണ്ടു തരത്തിലുള്ള വൈദ്യുതി തടസ്സങ്ങളാണ് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്നത്. **Scheduled Outage**-ഉം, **Unscheduled Outage**-ഉം. ഇതിൽ **Scheduled Outage**-ൽ മുൻകൂട്ടി തീരുമാനിയ്ക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്യുന്നത്. ഇതിന്റെ സമയപരിധി ഉപഭോക്താക്കളെ മുൻകൂട്ടി അറിയിയ്ക്കുകയും, നിശ്ചിത സമയ പരിധിക്കുള്ളിൽ ടി പ്രവർത്തി ചെയ്തു തീർക്കുകയും ചെയ്യുന്നുണ്ട്.

**Unscheduled Outage**-കൾ പ്രധാനമായും ലൈനിനോ അതിലെ സാധനസാമഗ്രികൾക്കോ അതിലെ ഉപകാരണങ്ങൾക്കോ പെട്ടെന്ന് സംഭവിയ്ക്കുന്ന കേടുപാടുകൾ മുഖാന്തരം ആണ് ഉണ്ടാകുന്നത്. **11 KV** വെമ്പായം ഫീഡറിൽ **Unscheduled** സംഭവിയ്ക്കുന്നത് കൂടുതലും **Outage** ആണ്. അത് പരിഹരിയ്ക്കുന്നതിനു ആവശ്യമായ സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ ഏത് **Outage** ആയാലും, നിലവിൽ **KSERC** നിഷ്കർഷിയ്ക്കുന്ന സമയ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് തന്നെ വൈദ്യുതി പുനഃസ്ഥാപിച്ച് തടസ്സം പരിഹരിയ്ക്കുന്നുണ്ട്. നെടുമങ്ങാട് **110 kv** സബ് സ്റ്റേഷനിൽ നിന്നുള്ള **11 kv** വെമ്പായം ഫീഡറിലെ പാറമുകൾ ട്രാൻസ്ഫോർമറിലെ **LT** ഫീഡിങ് മുഖാന്തരമാണ് കൺസ്യൂമർ നമ്പർ **1145473042298**-നു സപ്ലൈ ലഭിയ്ക്കുന്നത്. പ്രസ്തുത പാറമുകൾ ട്രാൻസ്ഫോർമർ പരിധിയിലെ **LT** ലൈനുകൾ **ABC** യിലേക്ക് മാറ്റുകയും, ബ്രാഞ്ച് ഭാഗങ്ങളിലെ **Bare OH Conductor** ഉള്ള ലൈനിൽ സെക്ഷൻ ഫ്യൂസ് സ്ഥാപിച്ച് ഐസൊലേറ്റ് ചെയ്തതും വഴി ആ ഭാഗത്തെ **LT** ലൈനിലെ തടസ്സങ്ങൾ പരമാവധി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ നെടുമങ്ങാട്, കന്യാകുളങ്ങര എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളാണ് വെമ്പായം **11 kV** ഫീഡർ ഉപയോഗിയ്ക്കുന്നത്. റബ്ബർ മരങ്ങളും, വൃക്ഷങ്ങളും, സസ്യലതാദികളും തിങ്ങിനിറഞ്ഞതാണ് ഈ പ്രദേശം. അതുകൊണ്ടുതന്നെ **Unscheduled Outage.** കളാണ് കൂടുതലും **11 kv** വെമ്പായം ഫീഡറിൽ ഉണ്ടാകുന്നത്. അതിനാൽ തന്നെ ചെറിയ ഒരു വൈദ്യുതി തടസ്സം പോലും രണ്ട് സെക്ഷനുകളെയും സാരമായി ബാധിയ്ക്കുന്നുണ്ട്. **11 KV** വെമ്പായം ഫീഡറിലെ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി,ഈ ഫീഡറിന്റെ ബ്രാഞ്ച് ലൈനുകൾ **(Bare OH Conductor)** കടന്നുപോകുന്ന പ്രദേശങ്ങളായ കന്യാകുളങ്ങര സെക്ഷന് കീഴിലെ ഇരിഞ്ചയം മുതൽ മീൻമൂട് വരെയും, വെട്ടുപാറ മുതൽ മഞ്ചപ്പാറ വരെയും, കൂടാതെ നെടുമങ്ങാട് സെക്ഷന് കീഴിലെ കോളക്കോട് ഉളിയൂർ

ചിറത്തലയ്ക്കൽ ഭാഗം വരെയും, വെട്ടമ്പള്ളി മുതൽ താമരക്കുളം വരെയും, താന്നിമൂട് മുതൽ ഉണ്ടപ്പാറ വരെയുമുള്ള സ്ഥലങ്ങളിൽ **HT ABC** ഉപയോഗിച്ച് **7.2 km - HT** ലൈനിന്റെ പുനർനിർമ്മാണം നിർദ്ദേശിക്കുകയും, **RDSS (Phase-2)** പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ചീഫ് എഞ്ചിനീയർ ഡിസ്ട്രിബ്യൂഷൻ തലത്തിൽ നടന്നുവരികയാണ്. ഈ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിലവിൽ **11 kv** വെമ്പായം ഫീഡറിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്.

വോൾട്ടേജിലുള്ള കുറവ് കാരണം വീട്ടുപകരണങ്ങൾ കേടായി എന്ന പരാതിക്കാരന്റെ ആരോപണം തികച്ചും ശരിയല്ല. പ്രദേശത്തെ ഒരു ഉപഭോക്താവുപോലും ഇത്തരത്തിലുള്ള പരാതി നെടുമങ്ങാട് സെക്ഷൻ ഓഫീസിലോ, മേലധികാരികൾക്കോ നൽകിയിട്ടില്ലാത്തതിനാൽ തന്നെ, ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്നും, പരാതിക്കാരന്റെ പ്രമിസസ്സിലെ ഉപകരണങ്ങൾക്കുള്ള ഗുണനിലവാരമില്ലായ്മ ആകാം ഇത്തരത്തിൽ അവ കേടാകാൻ ഇടയായതെന്ന് അനുമാനിയ്ക്കുന്നു. "ശരിയായ വോൾട്ടേജ് കിട്ടാത്തതിനാൽ കറന്റ് ഉപയോഗം കൂടുതൽ ആകുന്ന കാരണം അമിതമായി ബില്ല് കൂടുതൽ ആകുന്നുണ്ട് എന്ന പരാതിക്കാരന്റെ വാദം സാങ്കേതികപരമായും അടിസ്ഥാനപരമായും തെറ്റാണ്.

## വിശകലനവും കണ്ടെത്തലുകളും

_അപ്പീൽ പരാതിയുടെ വാദം **28/11/2024**-ന് രാവിലെ **03:30**-ന് **KSEB , IB** പരുത്തിപ്പാറയിൽവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.സ്മിനോജ്.എം.എസ് എതിർ കക്ഷിയായ ശ്രീമതി.ജയശ്രീ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, നെടുമങ്ങാട്, തിരുവനന്തപുരം, എന്നിവരാണ് പങ്കെടുത്തത്.

നെടുമങ്ങാട് ഇലക്ട്രിക് സെക്ഷന്റെ കീഴിൽ പഴകുറ്റിയ്ക്കടുത്ത് മുത്തുസ്വാമി പിള്ളയുടെ പേരിലുള്ള കണക്ഷനിൽ ആണ് പരാതിക്കാസ്പദമായ പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. ഉപഭോക്താവിന്റെ മരണ ശേഷം അനന്തരാവകാശിയായ ശ്രീ. സ്മിനോജാണ് പരാതി നൽകിയിട്ടുള്ളത്. വളരെ നാളുകളായി വോൾട്ടത വളരെ കുറവാണെന്നതാണ് പ്രധാന പരാതി. **Voltage** കുറഞ്ഞ് ഏകദേശം **140** നും **180** നും ഇടയ്ക്കായിരുന്നു എന്ന് പരാതിക്കാരൻ സ്ഥാപിക്കുന്നു. ഈ കണക്ഷൻ **2012** ൽ നൽകിയത് മുതൽ **voltage** വളരെ

കുറവായിരുന്നതിനാൽ പലതവണ ലൈസൻസിയ്ക്ക് പരാതി നൽകുകയുണ്ടായി. ഇവിടെയുള്ള കുറച്ചധികം വീടുകൾ സിംഗിൾ ഫേസ് ലൈൻ വഴിയാണ് സർവീസ് കണക്ഷൻ നൽകിയിരുന്നത്. വീടുകളുടെ എണ്ണം വർദ്ധിച്ചപ്പോൾ **Low Voltage** അനുഭവപ്പെട്ടു. ലൈസൻസി ആ ലൈൻ **3** ഫേസ് **ABC** ലൈനാക്കി മാറ്റുകയുമുണ്ടായി. ആ പണി ജൂൺ **2024** ൽ പൂർത്തീകരിച്ചു എന്ന് എതിർകക്ഷി അറിയിച്ചു. അതിനുശേഷം **Voltage** കൂടിയതായി പരാതിക്കാരനും സമ്മതിക്കുകയുണ്ടായി. **voltage** ക്ഷാമം പരിഹരിച്ചു എങ്കിലും അടിയ്ക്കടി ഉണ്ടാകുന്ന **power interruption** ഒരു പ്രശ്നമായിരിക്കുകയാണ്. നെടുമങ്ങാട് **110 kv substation** ൽ നിന്നുള്ള വെമ്പായം **11 kv** ഫീഡറിൽ പാറമുകൾ ട്രാൻസ്ഫോർമാറിൽ നിന്നുള്ള **LT line** വഴിയാണ് പരാതിക്കാരന് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. **11 kv line** ൽ നിന്ന് പല **branch line** കളും പോകുന്നുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം തന്നെ റബ്ബർ മരങ്ങളും, മറ്റു മരങ്ങളും സ്ഥിതിചെയ്യുന്നതിനാൽ അടിയ്ക്കടി ലൈനിൽ മരങ്ങളും മറ്റും വീണ് വൈദ്യുത തടസ്സം ഉണ്ടാകുന്നു. കൂടാതെ ഈ ഫീഡറിൽ വേനൽകാലത്ത് അധിക ലോഡ് വരുന്നതിനാൽ പലപ്പോഴും **line trip** ആവുകയും ചെയ്യുന്നു. ഇങ്ങനെയാണ് അടിയ്ക്കടി വൈദ്യുതി തടസ്സം നേരിടുന്നത്. **Branch Line** ലെ വൈദ്യുത കമ്പികൾ **ABC** യിലെയ്ക്ക് മാറ്റുന്നത് വഴി വൈദ്യുത തടസ്സം ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. ലൈനുകൾ പരസ്പരം തട്ടി വൈദ്യുത തടസ്സം നേരിടുന്നത് കുറയ്ക്കാൻ **11 kv line spacer** കൾ സ്ഥാപിക്കുക വഴി കഴിയുന്നതാണ്. വെമ്പായം **11 kv** ഫീഡറിൽ നിന്നുള്ള ബ്രാഞ്ച് ലൈനുകൾ ഏകദേശം **7.2 km HT ABC** ആക്കി മാറ്റുന്നത്തിനുള്ള പദ്ധതി **RDSS (Phase 2)** ൽ പ്പെടുത്തി ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. അതിന്റെ ടെൻഡർ നടപടികൾ തുടങ്ങിയതിനാൽ തന്നെ എത്രയും പെട്ടെന്ന് ഈ പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് എതിർകക്ഷി വ്യക്തമാക്കി.

പന്തലക്കോട് എന്ന സ്ഥലത്ത് ഒരു പുതിയ **110kv substation** വിഭാവനം ചെയ്തിട്ടുണ്ട്. അത് പൂർത്തിയാക്കുന്നതോടെ കന്യാകുളങ്ങര ഭാഗം വെമ്പായം **11 kv** ഫീഡറിൽ നിന്ന് മാറ്റുന്നതോടെ വെമ്പായം ഫീഡറിന്റെ **overload** പ്രശ്നവും **voltage** പ്രശ്നവും പരിഗണിക്കപ്പെടും എന്നും എതിർകക്ഷി വ്യക്തമാക്കി.

**Kerala Electricity Supply Code 2014 ലെ Regulation 4,5,6,7,8 പ്രകാരം** ഉപഭോക്താവിന് വൈദ്യുതി നൽകുമ്പോൾ അതിന്റെ ഗുണ നിലവാരത്തിനെക്കുറിച്ച് വ്യക്തമാക്കിയിരിക്കുന്നു.

***4. Duty to develop, maintain and extend the distribution system.***- (1)*The distribution licensee shall develop and maintain an efficient, coordinated and economical system in his area of supply.*

*(2)The licensee is responsible for ensuring that its distribution system is upgraded, extended and strengthened to meet the demand for electricity in its area of supply.*

*(3)The licensee shall ensure that all electricity supply lines and equipment that are belonging to the licensee or under its control in the premises of the consumer, are in a safe condition and are fit in all respects for supplying energy and further the licensee shall take adequate precaution to avoid danger that may arise in such premises from such supply lines and equipment.*

***5. Frequency of supply***.- *The licensee shall supply energy at the system frequency of 50 Hertz and shall maintain the frequency within the frequency band as may be specified by the Central Electricity Authority in appropriate regulations or otherwise from time to time.*

***6. Voltage levels for LT, HT and EHT supply.***-

*(1) Voltage levels specified for low tension (LT), high tension (HT) and extra high tension (EHT) supply are the following:-*

*(a) Low Tension (LT) supply,-*

*(i) Single phase 240 Volts between phase and neutral; (ii) Three phase 415 Volts between phases;*

*(b) High Tension (HT) supply,-*

*(i) Three phase 11,000 Volts (11kV) between phases;*

*(ii) Three phase 22,000 volts (22 kV) between phases;*

*(iii) Three phase 33,000 Volts (33kV) between phases;*

*(c) Extra High Tension (EHT) supply,-*

*(i) Three phase 66,000 volts (66 kV) between phases;*

*(ii) Three phase 110,000 Volts (110 kV) between phases;*

*(iii) Three phase 220,000 Volts (220kV) between phases;*

*(iv) Three phase 400,000 Volts (400kV) between phases.*

*(2) The licensee may, depending upon the technical conditions of the distribution system and subject to the approval of the Commission, give supply at a voltage and phase other than the classification of supply in sub-regulation*

**7. Duty of licensee to maintain the specified voltage levels.**– *The licensee shall not vary the voltage at the point of supply from the voltage levels as specified in regulation 6, except with the written consent of the consumer or with the previous sanction of the Commission: Provided that variations in voltage at the point of supply within the limits specified hereunder is permissible without written consent of the consumer or the sanction of the Commission:*

*(i) six per cent on higher side and lower side in the case of low tension supply;*

*(ii) six per cent on the higher side or nine per cent on the lower side in the case of high tension supply; and*

*(iii) ten percent on the higher side or twelve and a half percent on the lower side in the case of extra-high tension supply: Provided further that the above limits of variations in voltage levels shall be applicable till the Central Electricity Authority specifies a different set of limits.*

മേൽ പ്രസ്താവിച്ച രീതിയിലുള്ള ഗുണനിലവാരം,(**Volatage** ലും **frequency** യിലും )പാലിക്കാൻ ലൈസൻസി ബാധ്യസ്ഥരാണ്. **The Electricity Act 2003 Section 57** ൽ ലൈസൻസി പാലിക്കേണ്ട **standard of performance** നെ കുറിച്ച് പ്രതിപാദിക്കുന്നു.

**Section 57. (Consumer Protection: Standards of performance of licensee):**

*(1) The Appropriate Commission may, after consultation with the licensees and persons likely to be affected, specify standards of performance of a licensee or a class of licensees.*
*(2) If a licensee fails to meet the standards specified under sub-section (1), without prejudice to any penalty which may be imposed or prosecution be initiated, he shall be liable to pay such compensation to the person affected as may be determined by the Appropriate Commission: Provided that before determination of compensation, the concerned licensee shall be given a reasonable opportunity of being heard.*
**(3)** *The compensation determined under sub-section (2) shall be paid by the concerned licensee within ninety days of such determination.*

ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ **KSERC (Standard of Performance of Distribution Licensee ) Regulation 2015** പ്രസിദ്ധീകരിച്ചിട്ടുണ്ട്. **Electricity Act** ൽ പ്രതിപാദിച്ച പോലെ ലൈസൻസി **SOP** പാലിച്ചില്ലെങ്കിൽ നൽകേണ്ട നഷ്ടപരിഹാരത്തെക്കുറിച്ചും വ്യക്തമാക്കിയിരിക്കുന്നു. **KSERC (SOP of Distribution Licensee ) Regulation 2015 clause 4(8) (B)** യിൽ പാലിക്കേണ്ട സമയ ക്രമത്തെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

ഇവിടെ **distribution system** പുനരുദ്ധാരണം നടത്തി **voltage level** ക്രമീകരിക്കാൻ പരമാവധി **180** ദിവസമാണ് തീരുമാനിച്ചിരിക്കുന്നത്. അതിൽ കൂടുതൽ കാലതാമസം നേരിട്ടാൽ ഉപഭോക്താവിന് നഷ്ടപരിഹാരം നൽകാനും ലൈസൻസി ബാധ്യസ്ഥരാണ്. ഇവിടെ **power distribution sysytem**-ത്തിൽ കാതലായ **Improvement** നടത്തിയാൽ മാത്രമേ ഇത്തരം പരാതികൾക്ക് ഒരു ശാശ്വത പരിഹാരമാവുകയുള്ളൂ.

**<u>ഹ്രസ്വകാലംകൊണ്ട് നടപ്പിലാക്കേണ്ട പദ്ധതികൾ</u>**

1) **11 KV** ലൈനുകളിൽ വേണ്ടത്ര **spacer** കൾ സ്ഥാപിക്കുക.
2) **HT branch** ലൈനുകൾ **HT ABC** ആക്കി മാറ്റുക.
3) **HT line** കളിൽ **section isolation** സംവിധാനവും നടപ്പിലാക്കുക.

**<u>ദീർഘകാലം കൊണ്ടു നടപ്പിലാക്കേണ്ട പദ്ധതികൾ</u>**

1) **11 KV** വെമ്പായം ഫീഡറിന്റെ **Load** കുറയ്ക്കുന്നതിനു വേണ്ടി ഒരു **stand by feeder** നിർമ്മിക്കുക.
2) മരങ്ങൾക്കിടയിലൂടെ പോകുന്ന **11 KV line** പൂർണ്ണമായും **HT ABC** യിലേയ്ക്ക് മാറ്റുക.
3) **110 KV** പന്തലക്കോട് **substation** എത്രയും വേഗം പൂർത്തിയാക്കുകയും അവിടെ നിന്ന് പുതിയ **11 KV line** നിർമ്മിച്ച് വെമ്പായം ഫീഡറിൽ നിന്ന് കന്യാകുളങ്ങര ഭാഗം വേർതിരിക്കുക.

ഇവിടെ പരാതിക്കാരന്റെ വീട്ടുപകരണങ്ങൾ **low voltage** കൊണ്ട് കേടാവുകയും അതിനുള്ള നഷ്ടപരിഹാരം വേണം എന്ന വാദം തെളിവുകളുടെ അഭാവത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും, കൂടാതെ ഇത്തരം നഷ്ടപരിഹാരം ഈ തർക്ക പരിഹാര സംവിധാനത്തിന്റെ പരിധിയിലല്ലാതിനാലും അംഗീകരിച്ചിട്ടില്ല.

# തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) ഹ്രസ്വകാലം കൊണ്ട് നടപ്പിലാക്കേണ്ട പദ്ധതികൾ 6 മാസത്തിനകം പൂർത്തീകരിക്കുക.

2)ദീർഘകാല പദ്ധതികൾ 6 മാസത്തിനും 3 വർഷത്തിനും ഇടയ്ക്ക് പൂർത്തീകരിക്കുക.

3)ഉപഭോക്താവിന് voltage ക്ഷാമം പരിഹരിക്കാൻ എടുത്തിട്ടുള്ള കാലതാമസം കണക്കാക്കുക. ആ കാലതാമസം ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സമയ ക്രമം അധികരിച്ചിട്ടുണ്ടെങ്കിൽ അതിന് KSERC (SOP) Regulation 2015 Schedule 1 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക.

4)മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/070/2024/ തീയതി: 09/12/2024.**

**അയക്കുന്നത്:**

1. ശ്രീ.സ്മിനോജ്, തുണ്ടുവിളാകത്ത് വീട്, പഴകുറ്റി പി.ഒ, നെടുമങ്ങാട്,തിരുവനന്തപുരം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, നെടുമങ്ങാട്,തിരുവനന്തപുരം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**